അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- ഒന്നര കോടി 'സ്വാഹ'
- പേരൂർക്കട സ്റ്റേഷ നിലേക്കോ: അയ്യോ വേണ്ട!
- കയറ്റം പാടില്ല,റോഡിൽ കുഴികൾ പാടില്ല...

ആനയറ വലിയ ഉദേശ്വരം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പിയോഗം ആനയറ വലിയ ഉദേശ്വരം ശാഖയുടെ ആഭിമുഖ്യത്തിൽ 163-ാമത് ഗുരുദേവജയന്തി ആഘോഷിച്ചു.ജയന്തി ദിനസമ്മേളനം നെടുമങ്ങാട് രാജേഷ്ഉദ്ഘാടനം ചെയ്തു.ശാഖാ പ്രസിഡന്റ് കെ.എസ്.സുകേശൻ അദ്ധ്യക്ഷത വഹിച്ചു.പത്രാധിപർ കെ.സുകുമാരൻ സ്മാരക യൂണിയൻ ചെയർമാൻ ഡി.പ്രേംരാജ്, കൺവീനർ ആലുവിള അജിത്ത്, യൂണിയൻ ഭാരവാഹി കടകംപള്ളി സനൽകുമാർ, മുൻ ശാഖാ പ്രസിഡന്റ് കടകംപള്ളി അനിൽകുമാർ,ശാഖാ സെക്രട്ടറി രാജേഷ്, വനിതാസംഘം പ്രസിഡന്റ് ഗീത, സെക്രട്ടറി രേണുദാസ് എന്നിവർ സംസാരിച്ചു.വിദ്യാഭ്യാസ രംഗത്തെ മികച്ച പ്രകടനത്തിനുള്ള പ്രമീള മെമ്മോറിയൽ എക്സലൻസി അവാർഡ്നെടുമങ്ങാട്രാജേഷ്വിതരണം ചെയ്തു. ശാഖാ പരിധിയിലെ മുതിർന്ന അംഗങ്ങളെ ആദരിച്ചതിനോടൊപ്പം പെൻഷനും വിതരണം ചെയ്തു. ആഘോഷപരിപാടിയിൽ പങ്കെടുത്തവർക്കെല്ലാം ഓണക്കോടിയും നൽകി.

വേദാന്തസൂത്രം പഠനക്ലാസ്

തിരുവനന്തപുരം: ശ്രീനാരായണഗുരുവിന്റെ വേദാന്തസൂത്രം ഗുരു മുനിനാരായണ പ്രസാദിന്റെ വ്യാഖ്യാനത്തെപ്പറ്റി ഡോ. എസ്.കെ. രാധാകൃഷ്ണന്റെ പ്രഭാഷണവും കെ. സുലോചനന്റെ ഗുരുദേവകൃതി പാരായണവും ഇന്ന് വൈകിട്ട് 5.30ന് പേട്ട പള്ളിമുക്കിലെ ഗുരുബുക്ക് സെന്ററിൽ നടക്കുമെന്ന് ശ്രീനാരായണ സാഹിത്യ പരിഷത്ത് പ്രോഗ്രാം കോ-ഓർഡിനേറ്റർ കരിക്കകം വി. ആർ. രഘു അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ: 9633438005.

പ്രൊഫ. ജി. കുമാരപിള്ള അനുസ്മരണം

തിരുവനന്തപുരം: പ്രമുഖ ഗാന്ധിയനും അദ്ധ്യാപകനും ചിന്തകനുമായിരുന്ന പ്രൊഫ. ജി. കുമാരപിള്ളയുടെ 17-ാം ചരമവാർഷികത്തിൽ തൈക്കാട് കേരള ഗാന്ധി സ്മാരക നിധിയിൽ അനുസ്മരണ സമ്മേളനം നടത്തും. 16ന് വൈകിട്ട് 4ന് നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 9946286193 എന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടണമെന്ന് സംസ്ഥാന ഓർഗനൈസർ ജി. സദാനന്ദൻ അറിയിച്ചു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: കേശവദാസപുരം വൈദ്യുതി സെക്ഷനിലെ പട്ടം മുതൽ കേശവദാസപുരം വരെയും വൈദ്യുതിഭവൻ പരിസരങ്ങളിലും കഴക്കൂട്ടം സെക്ഷനിലെ ആറ്റിൻകുഴി, മുക്കോലയ്ക്കൽ എന്നിവിടങ്ങളിലും ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: ബീച്ച്സെക്ഷന്റെ പരിധിയിലുള്ള വേളി ഇൻഡസ്ട്രിയൽ ഏരിയയിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

തിരുവനന്തപുരം: കരമന വൈദ്യുതി സെക്ഷനിലെ പുളിയറതോപ്പ്, ചെറുപഴിഞ്ഞി, മൈലോടിക്കടവ്എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 8 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

സർക്കാർ തീരുമാനം സ്വാഗതാർഹം

പേരൂർക്കട: ഗ്രാമേന്മാ പരിശോധനാ സമിതി(ക്യു. എ. പി) പുനസംഘടിപ്പിക്കാനും അതിൽ കേരള പ്രദേശ് ടീച്ചേഴ്സ് അസോസിയേഷൻ(കെ. പി. ടി. എ) ഉൾപ്പെടുത്താനുള്ള സർക്കാർ തീരുമാനത്തെ കെ. പി. ടി. എ സ്വാഗതം ചെയ്തു.

കവിതാ രചനാ മത്സരം

തിരുവനന്തപുരം: തിരുനല്ലൂർ കരുണാകരന്റെ 93-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന കവിതാ മത്സരത്തിലേക്ക് രചനകൾ ക്ഷണിച്ചു. സ്കൂൾ, കോളേജ്, പൊതുവിഭാഗം എന്നീ തലങ്ങളിലാണ് മത്സരം. സെപ്തംബർ 28 നു മുമ്പ് താഴെ കാണുന്ന വിലാസത്തിൽ രചനകൾ അയയ്ക്കണം. തിരുനല്ലൂർ സാഹിത്യവേദി, ഹൗസ് നമ്പർ 4, ഓഫീസേഴ്സ് നഗർ, ഊറ്റുകുഴി, തിരുവനന്തപുരം-1. ഫോൺ: 9446794431, 9495568992. സമകാലിക പ്രസക്തിയുള്ളതായിരിക്കണം കവിതയുടെ വിഷയം. 50 വരിയിൽ കവിയരുത്. വിദ്യാർത്ഥികൾ, അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രവും ബയോഡേറ്റയും ഫോട്ടോയും കവിതയ്ക്കൊപ്പം അയയ്ക്കണം.

ബിരുദദാന ചടങ്ങ്

തിരുവനന്തപുരം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പെയ്സ് ആൻഡ് ടെക്നോളജിയുടെ(ഐ.ഐ.എസ്.ടി) അഞ്ചാമത് ബിരുദദാന സമ്മേളനം ഇന്ന് വൈകിട്ട് 3ന് വേളി വി.എസ്.എസ്.സിയിലെ പ്രോജക്ട് കോംപ്ലക്സിലെ ശ്രീനിവാസൻ ആഡിറ്റോറിയത്തിൽ നടക്കും. കേന്ദ്ര ഭൗമശാസ്ത്ര വകുപ്പിന്റെ മുൻ സെക്രട്ടറി ശൈലേശ് നായക് മുഖ്യാതിഥിയായിരിക്കും.

മാർക്ക് ലിസ്റ്റ് നൽകണം

കോവളം: കിടാരക്കുഴി സർവീസ് സഹകരണ ബാങ്കിലെ അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരെ ആദരിക്കുന്നതിന്റെ ഭാഗമായി മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 20ന് മുമ്പായി സെക്രട്ടറി, കിടാരക്കുഴി സർവീസ് സഹകരണ ബാങ്ക്, കിടാരക്കുഴി പി.ഒ എന്ന വിലാസത്തിൽ അയക്കേണ്ടതാണെന്ന് ബാങ്ക് അധികൃതർ അറിയിച്ചു.

പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചത് ഉചിതം

തിരുവനന്തപുരം: കേരള സർവകലാശാലയിലെ ബിരുദ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചത് ഉചിതമായ തീരുമാനമാണെന്ന് എസ്. ആർ. പി (എസ്) സംസ്ഥാന ചെയർമാൻ എ. എൻ. പ്രേംലാൽ പറഞ്ഞു. വിദ്യാർത്ഥികളുടെ ഉടർപഠനത്തിന് തീരുമാനം ഉപകരിക്കുമെന്നും ബി.കോം, ബി.എ സോഷ്യോളജി വിഷയങ്ങൾക്കും രജിസ്ട്രേഷൻ ബാധകമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രതിഭാ കേന്ദ്രങ്ങളുടെ ഉദ്ഘാടനം

പേരൂർക്കട: സർവശിക്ഷാ അഭിയാൻ പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളുടെ ജില്ലാതല ഉദ്ഘാടനം ഡെപ്യൂട്ടി മേയർ രാഖി രവികുമാർ നിർവഹിച്ചു.

നഗരസഭ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ എസ്. ഉണ്ണിക്കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ ക്ഷേമ പ്രവർത്തനമാണ് പ്രദേശിക പ്രതിഭാ കേന്ദ്രങ്ങളുടെ ലക്ഷ്യമെന്ന് രാഖി രവികുമാർ പറഞ്ഞു. ചടങ്ങിൽ പ്രതിഭകളെ ആദരിക്കലും പുസ്തക പ്രകാശനവും നടന്നു. എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ ബി. ശ്രീകുമാരൻ പദ്ധതി വിശദീകരിച്ചു. കൗൺസിലർ കാഞ്ഞിരംപാറ രവി, എ. നജീബ്, എം. വേലപ്പൻ, ജോഷി .ടി, സയന .എസ്, ഗീത ജി.എൽ, സദാനന്ദൻ തുടങ്ങിയവർ സംസാരിച്ചു.

കണ്ണീർ പൂവിന്റെ കവിളിൽ തലോടിയ

കിരീടം പാലത്തിന് ഇന്നും 'കണ്ണീർ പൂവ്"

KAUMUDI ALERT

◗അനിൽകുമാർ

നേമം: 28 വർഷം മുമ്പ് മലയാളിക്ക് നൊമ്പരമായി മാറിയ കിരീടം സിനിമയിലെ കണ്ണീർ പൂവിന്റെ എന്ന ഗാനത്തിന് ദൃശ്യ ഭംഗിയേകിയ പാലവും പുഞ്ചപ്പാടവും തോട്ടും ഇന്ന് കണ്ടാൽ ആരും കരഞ്ഞു പോകും.അത്രയേറെ ശോച്യാവസ്ഥയിലാണ് കിരീടം പാലവും ചുറ്റുമുള്ള പുഞ്ചപ്പാടവും.

കൈവരികൾ പാടെ തകർന്നിരിക്കുന്ന പാലവും വെള്ളം കാണാൻ സാധിക്കാത്ത രീതിയിൽ കുളവാഴ നിറഞ്ഞ തോടും.കിരീടം സിനിമയിലൂടെ പ്രസിദ്ധമായ പാലം പുതുക്കിപ്പണിയുമെന്ന് വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച വാഗ്ദാനം നാളിതുവരെ പ്രാവർത്തികമായിട്ടില്ല.

കൈവരികൾ ഒടിഞ്ഞുപോയ കിരീടം പാലം

കൃഷി ചെയ്യുന്നില്ല

- പണ്ടാരക്കരിയിൽ മാത്രമാണ് കൃഷി നടക്കുന്നത്
- കൃഷി ചെയ്യാൻ താത്പര്യമുള്ള നിരവധി പേർ ഇവിടെയുണ്ട്
- മാങ്കിളിക്കരിയിൽ കൃഷി ഇറക്കിയിട്ട് 15 വർഷമായി

പാഠശേഖരങ്ങൾ

- കാഞ്ഞിരത്തടി
- പണ്ടാരക്കരി
- മാങ്കിളിക്കരി
- നിലമക്കരി

കുളവാഴ നിറഞ്ഞ തോട്

കിരീടം പാലം

വാഹനങ്ങൾ പോകുന്നതിനായി കിരീടം പാലത്തിന് സമീപം പുതിയ പാലം നിർമ്മിച്ചതിനു ശേഷം വെള്ളായണിക്കാർക്ക് കാർഷിക കോളേജിൽ എത്തിച്ചേരാനുള്ള എളുപ്പ വഴി ലഭിച്ചെങ്കിലും കുഴികൾ നിറഞ്ഞ ചെമ്മണ്ണ് റോഡിലൂടെയുള്ള യാത്ര ക്ലേശകരം തന്നെ. ഇവിടെ നിന്നു വടക്കോട്ടുള്ള ബണ്ട് റോഡ് എത്തുന്നത് കരുമത്താണ്,അതുവഴി കരമനയ്ക്കും പോകാം.

കാർഷിക മേഖല

വെള്ളായണിയുടെ മറ്റു മേഖലകളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഇവിടെ മാത്രം ഒന്നും നടക്കുന്നില്ലെന്നാണ് നാട്ടുകാരുടെ പരാതി. ഓരോ പാടശേഖരത്തിനും 10 ൽ കുറയാത്ത അംഗങ്ങളുള്ള കമ്മിറ്റിയുണ്ട്. എന്നാൽ ചില പാടശേഖര കമ്മിറ്റി കൂടുന്നത് കർഷകരെ അറിയിക്കാറില്ല എന്ന് പരാതിയുണ്ട്.ഓരോ പാടശേഖരത്തിനും പമ്പ് ഹൗസ് ഉണ്ടെങ്കിലും പാഴ്ചെടികൾ നിറഞ്ഞ പാടത്ത് വെള്ളം കെട്ടിക്കിടക്കുമ്പോൾ,അത് തോട്ടിലേക്ക് ഒഴുക്കിവിടാൻ മാത്രമാണ് അവ ഇപ്പോൾ ഉപയോഗിക്കുന്നത്.

താലൂക്ക് ആശുപത്രികളിൽ 680 തസ്തികകൂടി: മന്ത്രി ശൈലജ

തിരുവനന്തപുരം: താലൂക്ക് ആശുപത്രികളെ ശക്തിപ്പെടുത്താൻ 680 തസ്തികകൾ സൃഷ്ടിക്കുന്നത് അടുത്ത മന്ത്രിസഭ യോഗം പരിഗണിക്കുമെന്ന് മന്ത്രി കെ. കെ. ശൈലജ പറഞ്ഞു. എസ്. എ. ടി ആശുപത്രിയിൽ എച്ച്. എൽ. എൽ ഹിന്ദ് ലാബ്സിന്റെ എം. ആർ. ഐ, സി.ടി സ്കാനിംഗ് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഇനിയും കൂടുതൽ എം. ആർ.ഐ, സി. ടി സ്കാനിംഗുകൾ മെഡിക്കൽ കോളേജിൽ കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു. എച്ച്. എൽ. എൽ ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ആർ. പി. കണ്ടൽവാൾ അദ്ധ്യക്ഷത വഹിച്ചു.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. എ. റംലാ ബീവി, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ്മാത്യു, എസ്.എ.ടി ആശുപത്രി സൂപ്രണ്ട് ഡോ. എ. സന്തോഷ് കുമാർ, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. എം. എസ്. ഷർമ്മദ്, റേഡിയോളജി വിഭാഗം മേധാവി ഡോ. എൻ. രോയ്, എസ്. എ. ടി ആശുപത്രി മുൻ സൂപ്രണ്ട് ഡോ. വി.ആർ. നന്ദിനി, എച്ച്. എൽ. എൽ ഡയറക്ടർ ഇ. എ. സുബ്രഹ്മണ്യം എന്നിവർ പങ്കെടുത്തു.

എസ്.എ.ടി ആശുപത്രിയിൽ എച്ച്.എൽ.എൽ ഹിന്ദ്ലാബ്സിന്റെ എം. ആർ.ഐ, സി.ടി സ്കാനിംഗ് എന്നിവയുടെ ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്യുന്നു

പഴഞ്ചിറ ദേവീ ക്ഷേത്രത്തിൽ നവരാത്രി മഹോത്സവവും ഭാഗവത സപ്താഹയജ്ഞവും

തിരുവനന്തപുരം: അമ്പലത്തറ പഴഞ്ചിറ ദേവീ ക്ഷേത്രത്തിൽ നവരാത്രിമഹോത്സവവും ഭാഗവത സപ്താഹയജ്ഞവും 20 മുതൽ 30 വരെ നടക്കും.

20ന് വൈകിട്ട് ഏഴിന് ഭദ്രദീപം തെളിച്ച് നവരാത്രിമഹോത്സവവും ഭാഗവത സപ്താഹ യജ്ഞവും ഉദ്ഘാടനം ചെയ്യും. കെ.എസ്. ശബരീനാഥൻ എം.എൽ.എ, കുന്നുംപാറ സുബ്രഹ്മണ്യ സ്വാമി ക്ഷേത്ര മാഠാധിപതി ബോധീതീർത്ഥ, നഗരസഭാ കൗൺസിലർമാരായ ഗീതാകുമാരി, വി. ഗിരി എന്നിവർ പങ്കെടുക്കും. നവരാത്രിദിവസങ്ങളിൽ ക്ഷേത്ര തന്ത്രി ബി. ആർ. അനന്തേശ്വര ഭട്ടിന്റെ കാർമ്മികത്വത്തിൽ വിശേഷാൽ പൂജാദി കർമ്മങ്ങൾ നടക്കും. 30ന് രാവിലെ 7.25 മുതൽ ജി. സുബ്രഹ്മണ്യൻ പോറ്റിയുടെ കാർമ്മികത്വത്തിൽ വിദ്യാരംഭം. ബ്രഹ്മശ്രീ കല്ലംവള്ളി ഹരി നമ്പൂതിരിയുടെ കാർമ്മികത്വത്തിലാണ് ഭാഗവത സപ്താഹയജ്ഞം. നവരാത്രിദിനങ്ങളിൽ സാരസ്വതഘൃതം ക്ഷേത്രത്തിൽ നിന്നും ലഭിക്കും.

മരം വീണ് കാർ തകർന്നു

തിരുവനന്തപുരം: പാളയം സത്യൻ സ്മാരക കോമ്പൗണ്ടിൽ പാർക്ക് ചെയ്തിരുന്ന കാറിന് മുകളിൽ മരം കടപുഴകി വീണു. ഇന്നലെ വൈകിട്ട് 3ന് പെയ്ത കനത്ത മഴയിലാണ് സംഭവം. മരത്തിന് താഴെ പാർക്ക് ചെയ്തിരുന്ന മാരുതി 800 കാറാണ് തകർന്നത്. ഒരു ആക്ടീവ സ്കൂട്ടറിന് കേടുപാടുണ്ട്. സത്യൻ സ്മാരക ഹാളിന് മുന്നിലെ ഫുട്ബാൾ അസോസിയേഷൻ ഹാളിന്റെ ഒരുഭാഗവും മരം വീണ് തകർന്നു. ചെങ്കൽച്ചൂള ഫയർസ്റ്റേഷൻ ഉദ്യോഗസ്ഥരെത്തിയാണ് മരം മുറിച്ച് മാറ്റിയത്.

നെയ്യാറ്റിൻകര വാസുദേവനെ അനുസ്മരിച്ചു

തിരുവനന്തപുരം: സംഗീതജ്ഞൻ നെയ്യാറ്റിൻകര വാസുദേവൻ അനുസ്മരണവും സംഗീതകച്ചേരിയും തൃപ്പണിത്തുറ കുളിക്കോട്ട പാലസിൽ നടത്തി. നെയ്യാറ്റിൻകര വാസുദേവന്റെ മരുമകൾ ജയശ്രീ, ശിഷ്യൻമാരായ വാഴമുട്ടം ചന്ദ്രബാബു, വെള്ളായണി അശോക്കുമാർ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. തൃപ്പണിത്തുറ ശ്രീ പൂർണത്രയീശ സംഗീത സഭാ സെക്രട്ടറി മാവേലിക്കര എസ്. ആർ. നടേശൻ അദ്ധ്യക്ഷത വഹിച്ചു. 'ശാസ്ത്രീയ സംഗീതവും പുതുലോകവും' എന്ന വിഷയത്തിൽ കവി സന്ദീപ് കാളത്തിമേക്കാട്, കവയിത്രി വി. എം. ഗിരിജ എന്നിവർ പ്രഭാഷണം നടത്തി. നെയ്യാറ്റിൻകര വാസുദേവൻ ഫൗണ്ടേഷൻ സെക്രട്ടറി ശ്രീവത്സൻ ജെ. മേനോൻ, രാജ്മോഹൻ വർമ്മ എന്നിവർ പ്രസംഗിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,5,9

പൊലീസ് പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ

തിരുവനന്തപുരം: പൊലീസ് പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന സമ്മേളനം ഒളിമ്പ്യാ ചേമ്പറിൽ 17ന് രാവിലെ 10ന് മുൻ ഡി. ജി. പി ജേക്കബ് പുന്നൂസ് ഉദ്ഘാടനം ചെയ്യും.

അസോസിയേഷൻ പ്രസിഡന്റ് എ. കെ. വേണുഗോപാൽ അദ്ധ്യക്ഷത വഹിക്കും. കേരള കൗമുദി ബ്യൂറോ ചീഫ് എം. എം. സുബൈർ മുൻ ഐ. പി. എസ് ഉദ്യോഗസ്ഥനായ പി.കെ.ലംബോധരൻ നായർ, കെ. പി. പി. എ ജനറൽസെക്രട്ടറി കെ. ജെ. ജോർജ്ജ് ഫ്രാൻസിസ്, ജി. പദ്മനാഭപിള്ള,ജെ.ഷാജഹാൻഎന്നിവർ പ്രസംഗിക്കും.പ്രതിനിധി സമ്മേളനത്തിൽ എ.എം. ഇസ്മായിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കും. സി. പുഷ്കരൻ വരവ് ചിലവ് കണക്ക് അവതരിപ്പിക്കും.

നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തിച്ച ടെക്സ്റ്റയിൽസ് പൂട്ടിച്ചു

തിരുവനന്തപുരം : നഗരസഭയുടെ നിർദേശങ്ങൾ കാറ്റിൽ പറത്തി പ്രവർത്തിച്ച ടെക്സ്റ്റയിൽസ് പൂട്ടിച്ചു. ആയുവേദ കോളേജിന് സമീപത്തെ ടെക്സ്റ്റയിൽസാണ് ഇന്നലെ ഹെൽത്ത് വിഭാഗം ജീവനക്കാരെത്തി പൂട്ടിച്ചത്. കടയോട് ചേർന്ന് അനുമതിയില്ലാതെ നിർമ്മാണം നടത്തിയതിനാൽ 48 മണിക്കൂറിനകം പൂട്ടണമെന്ന നിർദ്ദേശം ആഴ്ചകൾക്ക് മുൻപ് നഗരസഭ നൽകിയിരുന്നു. ഇത് പാലിക്കാത്തതിനെ തുടർന്നാണ് ഇന്നലെ രാവിലെ സെക്രട്ടേറിയറ്റ് ഹെൽത്ത് ഇൻസ്പെക്ടർ അനിൽകുമാറിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെത്തികടപൂട്ടി സീൽവച്ചത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ മനോജ്, ഷിബു പ്രോജക്ട് സെക്രട്ടേറിയറ്റിലെ ജൂനിയർ ഇൻസ്പെക്ടർമാരായ ബൈജു, സന്തോഷ്, മിഥുൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

ഗ്രന്ഥശാലാ ദിനാചരണം

തിരുവനന്തപുരം: പി.എൻ. പണിക്കർ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന ഗ്രന്ഥശാലാ ദിനാചരണവും മാനേജ്മെന്റ് പരിശീലന കളരിയും ഇന്ന് രാവിലെ 10ന് മാർ ഇവാനിയോസ് കോളേജ് കാമ്പസിലെ മാർ ഗ്രിഗോറിയോസ് റിസർവൽ സെന്ററിൽ നടക്കും. മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.

കെ. മുരളീധരൻ എം. എൽ. എ, മുൻ എം.പി പന്ന്യൻ രവീന്ദ്രൻ, കെ. ടി. ഡി. സി ചെയർമാൻ എം. വിജയകുമാർ, ബി. ജെ. പി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ എന്നിവർ പങ്കെടുക്കും.

ഇന്ദിരാഗാന്ധി ജന്മശതാബ്ദി കുടുംബസംഗമം വി. എം. സുധീരൻ ഉദ്ഘാടനം ചെയ്യുന്നു

ഇന്ദിരാഗാന്ധി ജന്മശതാബ്ദി കുടുംബസംഗമം

തിരുവനന്തപുരം: കോൺഗ്രസ് കുന്നുകുഴി മണ്ഡലം കമ്മിറ്റിയുടെ കീഴിലുള്ള ഗൗരീശപട്ടം ബൂത്ത് കമ്മിറ്റി സംഘടിപ്പിച്ച ഇന്ദിരാഗാന്ധി ജന്മശതാബ്ദി കുടുംബസംഗമം കെ.പി.സി.സി മുൻ പ്രസിഡന്റ് വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. ബി.എസ്. ബാലചന്ദ്രൻ, കോട്ടാത്തല മോഹനൻ, മണ്ണാമൂല രാജൻ, ജി. ബെവിൻ, ക്യാപ്ടൻ ഗോപിനാഥ് ഗോപാൽ, പനവിള ഡേവിഡ്, മഞ്ഞപ്പാറ റഷീദ് എന്നിവർ സംസാരിച്ചു.

ചരമം

സരസ്വതി അമ്മാൾ

തിരുവനന്തപുരം: കാര്യവട്ടം ഫീനിക്സിൽ കെ.എൻ.ആർ.എ 117ൽ പരേതനായ രാജഷൻ ചെട്ടിയാരുടെ ഭാര്യ സരസ്വതി അമ്മാൾ (83) നിര്യാതയായി.

മക്കൾ: തങ്കമണി (റിട്ട. കേരള യൂണിവേഴ്സിറ്റി), മുരുകേശൻ, ശ്രീകണ്ഠൻ, കൃഷ്ണമ്മ, വിജയകുമാരി, രമാദേവി, മണികണ്ഠൻ (സെക്രട്ടേറിയറ്റ്), ധനലക്ഷ്മി (സെൻസസ്).

മരുമക്കൾ: രവീന്ദ്രൻ (റിട്ട. ബി.എസ്.എൻ.എൽ), രാധാമണി, പ്രസന്നകുമാരി, ശിവപെരുമാൾ, കുമാർ, മോഹനൻ, മഞ്ജു (ജനറൽ ഹോസ്പിറ്റൽ), രമേശൻ. സംസ്കാരം: ഇന്ന് രാവിലെ 11ന് തൈക്കാട് ശാന്തികവാടത്തിൽ.

രവീന്ദ്രൻനായർ

പൂവാർ: തിരുപുറം മുരുച്ചൽവിളാകത്ത് മനോജ് ഭവനിൽ പരേതനായ കുട്ടൻപിള്ളയുടെ മകൻ രവീന്ദ്രൻനായർ(64) നിര്യാതനായി. സഞ്ചയനം തിങ്കളാഴ്ച 9ന്.

ബിന്ദു

കാരക്കോണം: കാരക്കോണം തിരുവാതിരയിൽ ചന്ദ്രൻനായരുടെ ഭാര്യ ബിന്ദു(45) നിര്യാതയായി.

വാർഡിൽ എയ്റോബിക് ബിൻ വേണമെന്ന് ബി.ജെ.പി കൗൺസിലർ, വേണ്ടെന്ന് പാർട്ടി

■ പ്രതിഷേധവുമായെത്തിയവരെ അറസ്റ്റ് ചെയ്ത് നീക്കി

തിരുവനന്തപുരം: പൂജപ്പുര മൈതാനത്തിന്റെ പ്രവേശനകവാടത്തിന് സമീപം എയ്റോബിക് ബിൻ സ്ഥാപിക്കണമെന്ന വാർഡ് കൗൺസിലർ ബി. വിജയലക്ഷ്മിയുടെ ആവശ്യം സ്വന്തം പാർട്ടിക്കാർ തന്നെ എതിർത്തു.

ബി. ജെ. പി അംഗമായ വിജയലക്ഷ്മിയുടെ അഭ്യർത്ഥനയെ തുടർന്ന് എയ്റോബിക് ബിൻ സ്ഥാപിക്കാനെത്തിയ തൊഴിലാളികളെ നഗരസഭാ പ്രതിപക്ഷനേതാവ് ഗിരികുമാറിന്റെ നേതൃത്വത്തിലുള്ള ബി. ജെ. പി പ്രവർത്തകരാണ് തുരത്തിയോടിച്ചത്. ഓണത്തിന് മുൻപ് ആരംഭിച്ച പണി അവധിക്ക് ശേഷം ഇന്നലെ രാവിലെ പുനരാരംഭിച്ചപ്പോഴായിരുന്നു നേതാക്കൾ പ്രതിഷേധവുമായെത്തിയത്. നാട്ടുകാരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയശേഷം തുടർപ്രവർത്തനങ്ങൾ നടത്തിയാൽ മതിയെന്നെ നിലപാടിലായിരുന്നു അവർ. കൗൺസിലറെ തെറ്റിദ്ധരിപ്പിച്ചാണ് ബിൻ സ്ഥാപിക്കുന്നതെന്നും ഇവർ ആരോപിച്ചു. ജോലി തടസപ്പെടുത്തി പ്രതിഷേധിച്ച ബി.ജെ.പി നേതാക്കളായ ഗിരികുമാർ, കെ.അനിൽകുമാർ എന്നീ കൗൺസിലർമാരെയും ഒപ്പമുണ്ടായിരുന്ന മുന്ന് പ്രവർത്തകരെയും പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. എയ്റോബിക് ബിന്നിന്റെ നിർമ്മാണവും നിറുത്തിവച്ചു.

ഏറോബിക് ബിൻ സ്ഥാപിക്കുന്നതിനെതിരെ പ്രതിഷേധവുമായെത്തിയ ബി.ജെ.പി നേതാക്കളെമായി പൊലീസ് സംസാരിക്കുന്നു

നേതാക്കളെ തള്ളി കൗൺസിലർ

എയ്റോബിക് ബിൻ സ്ഥാപിക്കുന്നതിന് പാർട്ടിക്കാരുടെ നിലപാടല്ല കൗൺസിലർക്ക്. ജനങ്ങൾക്ക് പരാതിയില്ല. പാർട്ടിക്കുള്ളിലാണ് പ്രശ്നം. പണിതുടങ്ങിയപ്പോൾ ആർക്കും പരാതിയില്ലായിരുന്നു. എയ്റോബിക്ബിൻ വേണ്ടെന്നു കത്ത് നഗരസഭയ്ക്ക് നൽകാനാണ് പാർട്ടി പറയുന്നത്. എന്താണ് ഇതിന്റെ കാരണമെന്ന് അറിയില്ല. ഇനിയിപ്പോൾ ഇത് ഉപേക്ഷിക്കേണ്ടിവരും. ഇതിന് സമീപത്തായി ജയിൽ വളപ്പിൽ എയ്റോബിക് ബിന്നിന്റെ പണി നടക്കുന്നുണ്ട്. അത് ഉടൻ പൂർത്തിയാക്കുമെന്നും കൗൺസിലർ ഡോ. ബി. വിജയലക്ഷ്മി പറഞ്ഞു.

പ്രവർത്തനങ്ങൾ അട്ടിമറിക്കാനുള്ള ശ്രമം: മേയർ

നഗരസഭയുടെ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ അട്ടിമറിക്കുന്നതിന്റെ ഭാഗമായാണ് ബി. ജെ. പിയുടെ പ്രതിഷേധം. വാർഡ് കൗൺസിലർ നിർദ്ദേശിച്ച സ്ഥലത്താണ് ബിൻ സ്ഥാപിക്കാനുള്ള പണികൾ ആരംഭിച്ചത്. അനാവശ്യമായി പ്രശ്നങ്ങൾ സൃഷ്ടിച്ച് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇക്കൂട്ടർ നടത്തുന്നതെന്നും മേയർ വി.കെ. പ്രശാന്ത് പറഞ്ഞു.